(ബി) സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കെതിരെ സർവ്വീസ് സംഘടനകളുടെ ശക്തമായ എതിർപ്പ് തുടരുന്ന സാഹചര്യത്തിൽ കേന്ദ്രം നൽകിയ മാതൃകയിൽ ശമ്പളം നൽകുവാൻ അടിയന്തര തീരുമാനം ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവും പരിശോധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

**അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളപരിഷ്കരണം**

**50(1295)** ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാർ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ നൽകിയ, വനിതാ ജീവനക്കാർക്ക് രണ്ട് വർഷം വരെ തങ്ങളുടെ മക്കളെ പരിചരിക്കുന്നതിന് ശമ്പളത്തോടുകൂടിയ അവധി, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 11,500 രൂപ ജീവനക്കാർക്ക് കുടുംബസമേതം വർഷത്തിൽ ഒരിക്കൽ ഇൻഡ്യയ്ക്കകത്ത് ടൂർ പോകുന്നതിനുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവകുപ്പും ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിച്ചുവരുന്നതേയുള്ളൂ.

**എൻഡോസൾഫാൻ ദുരന്തബാധിതർ**

**51(1296)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ബാധിതരായി എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ദുരന്തബാധിതർക്ക് മാസംതോറും നൽകുന്ന സാമ്പത്തിക സഹായം എത്ര രൂപവീതമാണ് ?

ഉത്തരം

(എ) സംസ്ഥാനത്ത് കാസർഗോഡ് ജില്ലയാണ് ഇപ്പോൾ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലാ കളക്ടർ നൽകിയ ലിസ്റ്റ് പ്രകാരം 3937 എൻഡോസൾഫാൻ ദുരിത ബാധിതരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യവകുപ്പ് നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലു ള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ.

1. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1,700 രൂപയും

2. വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും

3. എൻഡോസൾഫാൻ ദുരിതബാധിതരിൽ മറ്റു രോഗങ്ങളുള്ളവർക്ക് 1,000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകിവരുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം-**

**52(1297)** ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ദുരിതബാധിതരായവർ എത്ര പേരുണ്ട് ; ഇവർക്ക് പെൻഷൻ തുടങ്ങിയ സഹായങ്ങൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലു ള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,000 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരിൽ മറ്റു രോഗികളായ വർക്ക് 1,000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകാൻ 6-12-2010ലെ. ജിഒ (എംഎസ്.)-89/10/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടറുടെ അംഗീകൃത ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഈ ധനസഹായം കേരള സാമൂഹിക സുരക്ഷാ മിഷനിൽ നിന്നും ഇലക്ട്രോണിക് മണി ഓർഡറായി നൽകുന്നതാണ്.

(ബി) സംസ്ഥാനത്ത് കാസർഗോഡ് ജില്ലയാണ് ഇപ്പോൾ എൻഡോ സൾഫാൻ ദുരിത ബാധിത മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലാ കളക്ടർ നൽകിയ ലിസ്റ്റ് പ്രകാരം 3937 എൻഡോസൾഫാൻ ദുരിത ബാധിതരുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിൽ അപകടമരണം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം**

**53(1298)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ അപകടമരണം സംഭവിച്ച എത്രപേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly